# മേശപ്പുറത്ത് വച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(പി) നമ്പർ 20/2012/പി.&എ.ആർ.ഡി. തീയതി: 21.04.2012 (എസ്.ആർ.ഒ. നമ്പർ 371/2012) |
| 2. | ജി.ഒ.(പി) നമ്പർ 21/2012/പി.&എ.ആർ.ഡി. തീയതി: 21.04.2012 (എസ്.ആർ.ഒ. നമ്പർ 379/2012) |
| 3. | ജി.ഒ.(പി) നമ്പർ 24/2012/പി.&എ.ആർ.ഡി. തീയതി: 21.05.2012 (എസ്.ആർ.ഒ. നമ്പർ 391/2012) |
| 4. | ജി.ഒ.(പി) നമ്പർ 26/2012/പി.&എ.ആർ.ഡി. തീയതി: 01.06.2012 (എസ്.ആർ.ഒ. നമ്പർ 403/2012) |
| 5. | ജി.ഒ.(എം.എസ്) നമ്പർ 151/2012/ജി.എ.ഡി. തീയതി: 14.06.2012 (എസ്.ആർ.ഒ. നമ്പർ 455/2012) |
| 6. | കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 2010-2011-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |

II. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(എം.എസ്.) നമ്പർ 221/2012/ആർ.ഡി. തീയതി: 31.05.2012.
(എസ്.ആർ.ഒ. നമ്പർ 452/2012)

III. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(പി) നമ്പർ 38/2012/ട്രാൻ. തീയതി: 27.06.2012. (എസ്.ആർ.ഒ. നമ്പർ 472/2012) |
| 2. | ജി.ഒ.(പി) നമ്പർ 37/2012/ട്രാൻ. തീയതി: 26.06.2012. (എസ്.ആർ.ഒ. നമ്പർ 473/2012) |

IV. സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ. (പി) നമ്പർ 26/2012/കോ-ഓപ്. തീയതി 08.03.2012. (എസ്.ആർ.ഒ. നമ്പർ 165/2012). ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |
| 2. | ജി.ഒ. (പി) നമ്പർ 72/2012/കോ-ഓപ്. തീയതി 07.06.2012. (എസ്.ആർ.ഒ. നമ്പർ 454/2012). |
| 3. | ജി.ഒ. (പി) നമ്പർ 75/2012/കോ-ഓപ്. തീയതി 19.06.2012. (എസ്.ആർ.ഒ. നമ്പർ 458/2012). |
| 4. | ജി.ഒ. (പി) നമ്പർ 73/2012/കോ-ഓപ്. തീയതി 15.06.2012. (എസ്.ആർ.ഒ. നമ്പർ 459/2012). |
| 5. | ജി.ഒ. (പി) നമ്പർ 74/2012/കോ-ഓപ്. തീയതി 19.06.2012. (എസ്.ആർ.ഒ. നമ്പർ 466/2012). |

**V.** വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(പി) നമ്പർ 65/2012/എഫ്.& ഡബ്ല്യൂ. എൽ.ഡി. തീയതി 12.06.2012 (എസ്.ആർ.ഒ. നമ്പർ 463/2012) |
| 2. | ജി.ഒ.(പി) നമ്പർ 68/2012/എഫ്.&.ഡബ്ല്യൂ.എൽ.ഡി. തീയതി 21.06.2012 (എസ്.ആർ.ഒ. നമ്പർ 468/2012) |

VI. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(എം.എസ്) നമ്പർ 13/2012/ഡബ്ല്യു.ആർ.ഡി.<br>തീയതി 14.03.2012 (എസ്.ആർ.ഒ. നമ്പർ 166/2012)<br><br>ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |
| 2. | നോട്ടിഫിക്കേഷൻ നമ്പർ 15303/സി.എ.ഡി.1/2012/ഡബ്ല്യു.ആർ.ഡി.<br>തീയതി 28-06-2012 (എസ്.ആർ.ഒ. നമ്പർ 478/2012) |

VII. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(എം.എസ്.) നമ്പർ 29/2012/ഐ.ഡി.<br>തീയതി 29.02.2012 (എസ്.ആർ.ഒ. നമ്പർ 146/2012)<br><br>ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |

VIII. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | |
|---|---|
| 1. | ജി.ഒ.(പി) നമ്പർ 109/2012/റ്റി.ഡി.<br>)തി 19.06.2012 (എസ്.ആർ.ഒ. നമ്പർ 460/2012) |
| 2. | ജി.ഒ.(എം.എസ്) നമ്പർ 58/2012/എച്ച്.എസ്.ജി.<br>തീയതി 04.07.2012 (എസ്.ആർ.ഒ. നമ്പർ 482/2012) |
| 3. | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2002-03 -ലെ വാർഷിക റിപ്പോർട്ടും, അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |
| 4. | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2010-2011 -ലെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം. |

**IX .** പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. സ.ഉ. (അച്ചടിച്ചത്)നമ്പർ 122/2012/ത.സ്വ.ഭ.വ. തീയതി 09.05.2012 (എസ്.ആർ.ഒ. നമ്പർ 378/2012)
2. ജി.ഒ.(എം.എസ്)നമ്പർ 156/2012/എൽ.എസ്.ജി.ഡി. തീയതി 11.06.2012 (എസ്.ആർ.ഒ. നമ്പർ 442/2012)
3. ജി.ഒ.(എം.എസ്.) നമ്പർ 159/2012/ എൽ.എസ്.ജി.ഡി. തീയതി 11.06.2012 (എസ്.ആർ.ഒ.നമ്പർ 445/2012).

**X.** തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. ജി.ഒ.(എം.എസ്)നമ്പർ 38/2012/എൽ.ബി.ആർ. തീയതി 05.03.2012 (എസ്.ആർ.ഒ. നമ്പർ 158/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ.(പി)നമ്പർ 39/2012/എൽ.ബി.ആർ. തീയതി 05.03.2012 (എസ്.ആർ.ഒ. നമ്പർ 173/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ.(പി)നമ്പർ 86/2012/എൽ.ബി.ആർ. തീയതി 13.06.2012 (എസ്.ആർ.ഒ. നമ്പർ 462/2012)
4. ജി.ഒ.(ആർ.ടി)നമ്പർ 978/2012/എൽ.ബി.ആർ. തീയതി 28.06.2012 (എസ്.ആർ.ഒ. നമ്പർ 469/2012)
5. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2008-09 -ലെ ഭരണ/ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
6. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2008-09 -ലെ ഭരണ/ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

7. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2010-2011-ലെ പ്രവർത്തന റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

8. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2010-11-ലെ ഭരണ/ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

**XI.** ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. ജി.ഒ.(ആർ.ടി)നമ്പർ 1624/2012/ഹോം. തീയതി 01.06.2012 (എസ്.ആർ.ഒ. നമ്പർ 446/2012)

2. ജി.ഒ.(ആർ.ടി) നമ്പർ 1629/2012/ഹോം. തീയതി 01.06.2012 (എസ്.ആർ.ഒ. നമ്പർ 447/2012)

3. ജി.ഒ.(ആർ.ടി) നമ്പർ 1636/2012/ഹോം. തീയതി 01.06.2012 (എസ്.ആർ.ഒ. നമ്പർ 448/2012)

4. ജി.ഒ.(എം.എസ്.) നമ്പർ 158/2012/ഹോം. തീയതി 16.06.2012 (എസ്.ആർ.ഒ. നമ്പർ 464/2012)

5. ജി.ഒ.(എം.എസ്) നമ്പർ 157/2012/ഹോം. തീയതി 16.06.2012 (എസ്.ആർ.ഒ. നമ്പർ 479/2012)

**XII.** സെക്രട്ടറി-ഇൻ-ചാർജ്ജ് (ശ്രീ. പി. കെ. മുരളീധരൻ): സർ, താഴെപ്പറ യുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ദി ലെജിസ്ലേറ്റീവ് അസംബ്ലി (റിമൂവൽ ഓഫ് ഡിസ്ക്വാളിഫിക്കേഷൻസ്) അമെന്റ്മെന്റ് ആക്ട്, 2012. (ആക്ട് 7 ഓഫ് 2012)

2. 2012-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാലാ (ഭേദഗതി) ആക്ട്. (2012-ലെ 9-ാം ആക്ട്)

3. ദി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അമെന്റ്മെന്റ് ആക്ട് 2012 (ആക്ട് 10 ഓഫ് 2012)

4. ദി കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് (അമെന്റ്മെന്റ്) ആക്ട് 2012 (ആക്ട് 11 ഓഫ് 2012)

**ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം**

1. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): : സർ, 13-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T- 1787-ന്റെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി( ശ്രീ. സി. എൻ. ബാലകൃഷ്ണൻ): : സർ, 13-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1023-ന്റെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): : സർ, 13-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2337-ന്റെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് III പ്രകാരം**

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റ് ചട്ടം 236 (5) പ്രകാരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് IV പ്രകാരം**

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(6) പ്രകാരം പരിസ്ഥിതി എന്ന XVII –ാം നമ്പർ ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന പരിസ്ഥിതി വകുപ്പിന്റെ 2011-2012 സാമ്പത്തിക വർഷത്തെ ആനുൽ പെർഫോർമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(6) പ്രകാരം വിനോദസഞ്ചാരം എന്ന XLII – ാം നമ്പർ ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന ടൂറിസം വകുപ്പിന്റെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ 2011–2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് വകുപ്പുമന്ത്രിയായ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

4. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം ക്ഷീര വ്യവസായം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന ക്ഷീര വികസന വകുപ്പിന്റെ 2010 –2011 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതവും കൃഷി എന്ന XXIX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ 2011–2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടും വകുപ്പുമന്ത്രിയായ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങയുടെ ഈ പ്രസ്താവന, അങ്ങയുടെ സ്റ്റേറ്റ്മെന്റ്, ഗവൺമെന്റിന്റെ സർക്കുലറുകൾ, കോടതിവിധികൾ .............

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി): സർ, ചട്ടം 236 (5) അനുസരിച്ച് എന്റെ രണ്ട് സ്റ്റേറ്റ്മെന്റുകളുണ്ടല്ലോ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രി ഏതാണ് പറഞ്ഞത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ചട്ടം 236(5) അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റുണ്ട്.

മി. സ്പീക്കർ: ഒരു മിനിറ്റ്, അത് ലിസ്റ്റ് ചെയ്ത് വന്നിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചട്ടം 236 (5) അനുസരിച്ച് എന്റെ ഒരു സ്റ്റേറ്റ്മെന്റ് കൂടിയുണ്ട്.

മി. സ്പീക്കർ: അത് റിപ്പോർട്ട് സമർപ്പണമാണ്. അത് വരുന്നതേ ഉള്ളൂ. ബഹുമാനപ്പെട്ട വിഭ്യാഭ്യാസ വകുപ്പുമന്ത്രി, ഞാൻ പറഞ്ഞത് ഗവൺമെന്റിന്റെ ധാരാളം സർക്കുലറുകളുണ്ട്, കോടതി വിധികളുടെ പകർപ്പുകളുണ്ട്. മുഴുവൻ വായിക്കണമെന്നില്ല. മേശപ്പുറത്തുവച്ചാൽ മതി യാകും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, പത്ത് പേജേ ഉള്ളൂ. വളരെ പെട്ടെന്ന് വായിച്ച് തീർക്കാം. അനുബന്ധങ്ങളും, കോടതി വിധികളുമൊന്നും വായിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് വായിക്കണമെങ്കിൽ വായിക്കാം. ഹൗസിന്റെ അഭിപ്രായം വായിക്കണ്ടായെന്നുണ്ടെങ്കിൽ അത്രയും നല്ലതല്ലേ. അതുകൊണ്ട് ഞാൻ സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. അങ്ങ് വായിച്ചോളൂ. ഞാൻ ഇതിന് പ്രത്യേകിച്ചൊരു റൂളിംഗ് പറഞ്ഞില്ല.

## നിയമസഭയുടെ കാര്യ നിർവ്വഹണം സംബന്ധിച്ച് ചട്ടം 300 പ്രകാരമുള്ള പ്രസ്താവന

### പശ്ചാത്തലം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ കോളേജുകളുടെ കടന്നുവരവോടെ പുതിയ വെല്ലുവിളികളും കടന്നുവന്നിട്ടുള്ളത് ഒരേ സമയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും, മാറി മാറിവരുന്ന സർക്കാരുകളുടേയും ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട്. WPC No. 31420/10 -മേലുള്ള 16-11 -2010- ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കെതിരായുള്ള റിട്ട് അപ്പീലിന്മേൽ 18-01-2012-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ സന്ദർശിച്ച് അവിടത്തെ കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി മുതലായ ഭൗതിക സൗകര്യങ്ങൾ അദ്ധ്യാപകരുടെ യോഗ്യത മുതലായവ വിലയിരുത്തുന്ന തിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി 25-03-2012- ൽ സർക്കാർ ഉത്തരവ് നം. 481/11/ ഉ.വി.വ. പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗി ക്കുകയുണ്ടായി. (അനുബന്ധം 1). സമിതി അതിന്റെ ആദ്യ പരിശോധന കേരള, എം.ജി, കുസ്സാറ്റ്, കാലിക്കറ്റ് എന്നീ യൂണിവേഴ്സിറ്റികളുടെ നിയ ന്ത്രണത്തിലുള്ള 22 കോളേജുകളിൽ പരിശോധന നടത്തുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേ ജുകൾക്കെതിരെ ബന്ധപ്പെട്ട സർവകലാശാലകളുടെ ചട്ടങ്ങളിൽ അനുശാ സിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ആയത് ബഹുമാനപ്പെട്ട കോടതിയെ ധരിപ്പിക്കുകയും ചെയ്തു. യോഗ്യ രായ അദ്ധ്യാപകരുടെ അഭാവം ചൂണ്ടിക്കാണിക്കപ്പെട്ട കോളേജ് മാനേജു മെൻറുകൾക്ക് മെമ്മോ നല്കുന്നതിന് സർക്കാർ തീരുമാനമെടുത്തു. പരി

ശോധനയുടെ രണ്ടാംഘട്ടത്തിൽ വിവിധ സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള 54 കോളേജുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനാ റിപ്പോർട്ടുകൾ യഥാസമയം കോടതി മുമ്പാകെ ഹാജരാക്കി. ഇതിനിടെ ബഹുമാനപ്പെട്ട ഹൈക്കോടതി 29-07-2011-ലെ ഉത്തരവുപ്രകാരം( I.A No. 358/2011 in W.A.No. 2014/11) കേസ്സിൽ അന്തിമ തീരുമാനം ഉണ്ടാകുംവരെ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കരുതെന്ന് ഉത്തരവായി. കൂടാതെ വിവിധ കോളേജുകളിൽ യോഗ്യരായ അദ്ധ്യാപകരുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ കൂടുതൽ പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനും ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ 12-08-2011- ലെ കോടതി ഉത്തരവുപ്രകാരം യോഗ്യതകൾ പരിഗണിച്ച് പുതിയ കോളേജുകൾക്ക് അനുമതി നല്കുന്നതിന് സർക്കാരിന് നിർദ്ദേശം നല്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്തെ പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് കോടതിവിധിയുടെ പശ്ചാത്തലത്തിൽ പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ/ഇൻ-ടേയ്ക്ക് വർദ്ധനവ് എന്നിവയിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിലേയ്ക്കുമായി 30-12-2011-ലെ ഉത്തരവ് നമ്പർ 1968/11/H.Edn. പ്രകാരം സർക്കാർ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.(അനുബന്ധം-2). പ്രസ്തുത സമിതിയുടെ നിർദ്ദേശപ്രകാരം പുതിയ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ കോളേജുകൾക്കായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് 31-01-2012-ലെ 218/12/H.Edn. ഉത്തരവുപ്രകാരം സർക്കാർ ഒരു പ്രീ-സ്ക്രീനിംഗ് കമ്മിറ്റിക്കു രൂപം നൽകി (അനുബന്ധം 3) കൂടാതെ പുതിയ സ്വാശ്രയ എൻജിനീയിറിംഗ് കോളേജുകൾ അനുവദിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ/ഇൻ-ടേയ്ക്ക് വർദ്ധിപ്പിക്കുന്നതിനും

പാലിക്കേണ്ട മാനദണ്ഡങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് അതേദിവസം തന്നെ 217/12/H.dn. നമ്പരായി സർക്കാർ ഉത്തരവിറക്കുകയും ചെയ്തു (അനുബന്ധം 4). മുൻ വർഷങ്ങളിലെ വിജയശതമാനം കണക്കിലെടുത്ത് അതിൽ മികവ് തെളിയിക്കുന്ന കോളേജുകൾക്ക് മാത്രം പുതിയ കോഴ്സുകളും ഇൻ-ടേയ്ക്ക് വർദ്ധനവും അനുവദിക്കുന്ന തരത്തിലുള്ളതാണ് സർക്കാർ പ്രഖ്യാപിച്ച പുതിയ മാനദണ്ഡങ്ങൾ.

നിലവിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരുടെ ദൗർലഭ്യം കണക്കിലെടുത്ത് അടുത്ത മൂന്നു വർഷങ്ങൾക്കുള്ളിൽ ആവശ്യമായ എം.ടെക് ബിരുദധാരികളെ ലഭ്യമാക്കുന്നതിന് മേൽ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 18-05-2012-ൽ സർക്കാർ 914/12/H.dn. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (അനുബന്ധം 5). ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുകൂടി കണക്കിലെടുത്തുകൊണ്ടുള്ളതാണ് ഈ നടപടി.

സംസ്ഥാനത്തെ എല്ലാ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടേയും അവസാന റൗണ്ട് പരിശോധന പൂർത്തീകരിക്കുകയും 22-03-2012 -ൽ അതിന്റെ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ, പരിശോധനാ റിപ്പോർട്ട് വിശദമായി പഠിക്കുകയും റിപ്പോർട്ടിൽ അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ട കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും ചെയ്തു. അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീതു

നൽകുകയും ചെയ്തു. ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്കും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.

28-06-2012-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ (IANo. 358/11 in WA No. 2014/11 തീയതി 29-07-2011) (അനുബന്ധം 6) നിലവാരം കുറഞ്ഞ സ്വാശ്രയ കോളേജുകൾക്കെതിരെ കർശന നടപടികൾക്ക് ഉത്തരവായിട്ടുണ്ട്. ആവശ്യമായ ഭൗതിക സാഹചര്യങ്ങളും യോഗ്യതയുള്ള അദ്ധ്യാപകരും ഇല്ലാതിരിക്കുകയും വിജയശതമാനം 40% ത്തിലും താഴെയുള്ളതുമായ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുവാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

സർക്കാർ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി.-യുടെ വിവിധ കോളേജുകളിലും വിജയശതമാനം കുറയുന്നതായി ബഹുമാനപ്പെട്ട കോടതി പരാമർശിക്കുകയുണ്ടായി. കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള വിജയശതമാനം കുറഞ്ഞ കോളേജുകൾ താഴെപ്പറയുന്നവയാണ്.

| **ക്രമ നമ്പർ** | **കോളേജുകളുടെ പേര്** | **സർവ്വകലാശാല** |
|---|---|---|
| 1 | മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അഞ്ചരക്കണ്ടി, കണ്ണൂർ | കണ്ണൂർ സർവ്വകലാശാല |
| 2 | സദ്ഗുരു സ്വാമി നിത്യാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട് | കണ്ണൂർ സർവ്വകലാശാല |
| 3 | സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, വെള്ളനാട്, തിരുവനന്തപുരം | കുസാറ്റ് |
| 4 | എം.ജി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് വണ്ടിത്തടം തിരുവല്ലം, തിരുവനന്തപുരം | കുസാറ്റ് |
| 5 | കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വടകര | കുസാറ്റ് |
| 6 | റ്റി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാരുവേലി, കൊല്ലം | കുസാറ്റ് |

| | | |
|---|---|---|
| 7 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ (Under CCEK) | കുസാറ്റ് |
| 8 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ (Under CAPE) | കുസാറ്റ് |
| 9 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കരുനാഗപ്പള്ളി (Under IHRD) | കുസാറ്റ് |
| 10 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറ്റിങ്ങൽ (Under IHRD) | കുസാറ്റ് |
| 11 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചേർത്തല (Under IHRD) | കുസാറ്റ് |
| 12 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊട്ടാരക്കര (Under IHRD) | കുസാറ്റ് |
| 13 | മൗണ്ട് സിയോൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് | എം.ജി. സർവ്വകലാശാല |
| 14 | കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, റാന്നി | എം.ജി. സർവ്വകലാശാല |
| 15 | മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനംതിട്ട | എം.ജി. സർവ്വകലാശാല |
| 16 | മാതാ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നോർത്ത് പരവൂർ | എം.ജി. സർവ്വകലാശാല |
| 17 | ബസേലിയസ് മാത്യൂസ് II കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ശാസ്താംകോട്ട | കേരള സർവ്വകലാശാല |
| 18 | ഷാഹുൽഹമീദ് മെമ്മോറിയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കടയ്ക്കൽ, കൊല്ലം | കേരള സർവ്വകലാശാല |
| 19 | മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വെഞ്ഞാറമൂട്, തിരുവനന്തപുരം | കേരള സർവ്വകലാശാല |
| 20 | യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, വടക്കേവിള, കൊല്ലം | കേരള സർവ്വകലാശാല |
| 21 | മേരി മാതാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാലിയോട്, തിരുവനന്തപുരം | കേരള സർവ്വകലാശാല |
| 22 | പി.എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം | കേരള സർവ്വകലാശാല |
| 23 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ | കേരള സർവ്വകലാശാല |

കോടതി വിധിയിലെ പ്രധാനപ്പെട്ട നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെപ്പറയുന്നവയാണ്.

1. ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള മിക്ക കോളേജുകളിലും നിലവാരത്തകർച്ച വളരെ പ്രകടമാണ്. നിലവാരം ഉയർത്താൻ സാധിക്കാത്തപക്ഷം അത്തരം കോളേജുകൾ അടച്ചുപൂട്ടേണ്ടതാണ്.

2. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള നിലവാരം കുറഞ്ഞ മേൽ സൂചിപ്പിച്ച രണ്ടു കോളേജുകളിൽ നിലവാരമുള്ള കോളേജുകളിലെ യോഗ്യരായ അദ്ധ്യാപകരെകൊണ്ട് ക്ലാസ്സുകൾ സൂപ്പർവൈസ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

3. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ചില ബ്രാഞ്ചുകളിൽ വിജയശതമാനം കുറഞ്ഞിട്ടുള്ളതായി കോടതി നിരീക്ഷിച്ചു. നിലവാരം ഉയർത്താത്തപക്ഷം അത്തരം കോളേജുകളിൽ വിജയശതമാനം കുറഞ്ഞിട്ടുള്ള ബ്രാഞ്ചുകളുടെ അഫിലിയേഷൻ പിൻവലിക്കുന്നതിന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിക്കുകയുണ്ടായി.

4. എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മിക്ക കോളേജുകളും നിലവാരത്തകർച്ച നേരിടുകയാണെന്നും അത്തരം കോളേജുകളുടെ അംഗീകാരം തുടർന്നും നിലനിറുത്തുന്നത് എ.ഐ.സി.റ്റി.ഇ.യുടേയും യൂണിവേഴ്സിറ്റിയുടേയും ചട്ടങ്ങൾക്കു വിരുദ്ധമാണെന്നും കോടതി നിരീക്ഷിക്കുകയുണ്ടായി.

5. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ചില കോളേജുകൾ നിലവാരം കുറഞ്ഞവയാണെന്നും അവയുടെ കാര്യത്തിൽ യൂണിവേഴ്സിറ്റിയുടെ എ.ഐ.സി.റ്റി.ഇ-യുടേയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണെന്നും കോടതി നിർദ്ദേശിച്ചു.

6. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വിജയശതമാനം 40-ൽ കുറവുള്ള കോളേജുകൾ അടച്ചുപൂട്ടേണ്ടതാണെന്നും എന്നാൽ ഇക്കാര്യത്തിൽ വേണ്ട വിധം ആലോചിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊ ള്ളാവുന്നതാണെന്നും ബഹുമാനപ്പെട്ട കോടതി നിരീക്ഷിച്ചു.

7. യൂണിവേഴ്സിറ്റികളും എ.ഐ.സി.റ്റി.ഇ.-യും വിവേചനമില്ലാതെ പുതിയ കോളേജുകൾ അനുവദിക്കുന്നതു നിറുത്താത്തിടത്തോളം കോളേജുക ളുടെ ഈ നിലവാരത്തകർച്ചക്കു കടിഞ്ഞാണിടാൻ സാധിക്കുകയില്ലാ യെന്നും ബഹുമാനപ്പെട്ട കോടതി നിരീക്ഷിക്കുകയുണ്ടായി.

8. സർക്കാർ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പരീക്ഷാഫലങ്ങൾ മേൽപ്പ റഞ്ഞ വിദഗ്ദ്ധ സമിതിക്കു നൽകുകയും സമിതി അത് അതാത് കോളേജു കളുടെ ഭൗതിക സാഹചര്യങ്ങളും സ്റ്റാഫിന്റെ ലഭ്യതയുമായി ബന്ധ പ്പെടുത്തി പരിശോധിച്ച് സർക്കാരിനും മുന്നിൽ ആവശ്യമായ നിർദ്ദേശ ങ്ങൾ വയ്ക്കുന്നതിനും ബഹുമാനപ്പെട്ട കോടതി നിർദ്ദേശിക്കുകയുണ്ടായി.

9. നിലവാരം കുറഞ്ഞ കോളേജുകളുടെ ഒരു പട്ടിക തയ്യാറാക്കുന്നതിനും അത്തരം കോളേജുകളെ നിരന്തരം നിരീക്ഷിക്കുന്നതിനും അവയിൽ ഒരു വർഷത്തിനിടയിൽ പുരോഗതി കാണിക്കാത്ത കോളേജുകളെ അടച്ചുപൂട്ടേ ണ്ടതാണെന്നും കോടതി നിരീക്ഷിച്ചു.

10. സർക്കാർ ഏതെങ്കിലും പുതിയ കോളേജുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നപക്ഷം അത് പ്രസ്തുത കോളേജിലെ ഭൗതിക സാഹചര്യ ങ്ങൾ, യോഗ്യരായ അദ്ധ്യാപകർ, ലാബ് സംവിധാനങ്ങളുടെ ലഭ്യത മുതലാ യവ കണിക്കിലെടുത്തു മാത്രമായിരിക്കണമെന്നും കോടതി നിരീക്ഷിച്ചു. കൂടാതെ അദ്ധ്യയന വർഷം മുഴുവനും കോളേജിൽ പഠിപ്പിച്ചുകൊള്ളാമെ ന്നുള്ള ഒരു ബോണ്ട് അദ്ധ്യാപകരിൽനിന്നും വാങ്ങി മാനേജുമെന്റ് സർക്കാർ മുൻപാകെ ഹാജരാക്കേണ്ടതാണ്.

11. 2009 മുതൽ 2011 വരെ വർഷങ്ങളിലെ വിജയശതമാനം ഓരോ യൂണിവേഴ്സിറ്റിയും അവരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും കോടതി ഉത്തരവായി.

**കോടതി വിധിയുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി സർക്കാർ തലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ:**

1. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ശരാശരി 30% -ൽ താഴെ വിജയമുള്ള കോളേജുകളുടെ ഒരു വാച്ച് ലിസ്റ്റ് തയ്യാറാക്കുകയും അത്തരം കോളേജുകളെ സർക്കാർ പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നതാണ്.

3. കോടതിവിധിയുടെ വിശദാംശങ്ങൾ പഠിക്കുന്നതിനും നടപ്പാക്കുന്നതിനും എ.ഐ.സി.റ്റി.ഇ.-ക്കും എല്ലാ യൂണിവേഴ്സിറ്റികൾക്കും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകുന്നതാണ്.

4. സംസ്ഥാനത്തെ എല്ലാ സ്വാശ്രയ മാനേജുമെന്റുകളേയും സർക്കാർ ചർച്ചയ്ക്ക് ക്ഷണിക്കുന്നതാണ്.

5. കോടതിവിധിയുടെ വിശദാംശങ്ങൾ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി വൈസ്ചാൻസിലർമാരുമായി ചർച്ച ചെയ്യുന്നതാണ്.

6. സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി ഉടൻതന്നെ വിളിച്ചുകൂട്ടുകയും കോടതി വിധിപ്രകാരം മുഴുവൻ സ്വാശ്രയ കോളേജുകളേയും

റിസൾട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിൽ വയ്ക്കാൻ ആവശ്യപ്പെടുന്നതുമാണ്.

7. കോടതിവിധിയുടെ വെളിച്ചത്തിൽ ഒന്നും രണ്ടും സെമസ്റ്ററുകളിൽ തോൽക്കുന്ന വിദ്യാർത്ഥികളെ ഒന്നും രണ്ടും സെമസ്റ്ററുകളിലെ എല്ലാ വിഷയങ്ങളിലും വിജയിക്കാതെ ആറാം സെമസ്റ്ററിലേയ്ക്കു സ്ഥാനക്കയറ്റം നൽകരുതെന്ന് യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുന്നതാണ്. ആയ തിലേയ്ക്ക് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം S4, S5 പരീക്ഷകളോടൊപ്പം തന്നെ തോറ്റ S1, S2 പരീക്ഷകളും എഴുതുന്നതിന് യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് അനുവാദം നൽകേണ്ടതാണ്. S4 സപ്ലിമെന്ററി പരീക്ഷാ ഫലങ്ങൾ സമയത്തു തന്നെ പ്രസിദ്ധീകരിച്ച് S5 പരീക്ഷയോടൊപ്പം തന്നെ തോറ്റ വിഷയങ്ങൾ എഴുതിയെടുക്കുന്നതിന് യൂണിവേഴ്സിറ്റികൾ സൗകര്യ മൊരുക്കേണ്ടതാണ്.

8. 40%-ൽ താഴെ വിജയശതമാനമുള്ള കോളേജുകൾ അടച്ചുപൂട്ടണമെന്ന കോടതി വിധി സർക്കാർ വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ സർക്കാർ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്.

(എ) കോളേജുകൾ അടച്ചുപൂട്ടുന്നപക്ഷം വിദ്യാർത്ഥികളെ പുനർവിന്യസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചും, പുനർവിന്യ സിപ്പിക്കുന്ന കോളേജുകളിലെ ഭൗതികസാഹചര്യങ്ങൾകൂടി കണക്കിലെ ടുത്തും മാത്രമേ ഇക്കാര്യത്തിൽ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളു.

(ബി) കൂടാതെ പുതിയ സാഹചര്യങ്ങളിലേയ്ക്ക് പറിച്ചുനടുന്നതു മൂലം വിദ്യാർത്ഥികളുടെ പഠനത്തെയും ഇതു പ്രതികൂലമായി ബാധിക്കു മെന്നു സർക്കാർ ഭയപ്പെടുന്നു. നിലവിലുള്ള കോളേജുകൾ നിലനിറുത്തി

അവയുടെ നിലവാരം മെച്ചപ്പെടുത്താൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് സർക്കാർ കരുതുന്നു. നിലവാരം ഉയർത്തുന്നതിൽ ഇനിയും പരാജയപ്പെടുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടി വരും. ഇതിൽ സർക്കാർ ഉചിതമായ തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിച്ചിട്ടുമുണ്ട്. കോടതിവിധിയുടെ വെളിച്ചത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലും നിലവിലുള്ള കോഴ്സുകളിൽ ഇൻ-ടേയ്ക്ക് കൂടുന്ന കാര്യത്തിലും 31-01-2012 -ലെ 217/12/H.Edn. നമ്പർ ഉത്തരവിലെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ 4, 6, 8 സെമസ്റ്ററുകൾ വരെ എല്ലാ വിഷയങ്ങളിലുമുള്ള റണ്ണിംഗ് ആവറേജ് 25%, 30%, 35% എന്നതിൽനിന്നും 25%, 30%, 40% എന്ന് മാറ്റി കോടതിവിധി പാലിക്കുന്നതാണ്. ഇതിലൂടെ ഓരോ കോളേജും അവയുടെ നിലവാരം മൂന്നുവർഷത്തിനുള്ളിൽതന്നെ ബഹുമാനപ്പെട്ട കോടതി നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ 40% എന്ന വിജയനിലവാരത്തിലേയ്ക്കുയർത്തേണ്ടതായി വരും. താമസിച്ചാരംഭിച്ച കോളേജുകൾക്കും എൻട്രൻസിൽ താഴ്ന്ന റാങ്കുള്ള കുട്ടികളെ ലഭിച്ച കോളേജുകൾക്കും റിസൾട്ട് മെച്ചപ്പെടുത്താൻ സാവകാശവും ഇതുവഴി ലഭിക്കും.

കേരള നിയമസഭയുടെ കാര്യനിർവ്വഹണം സംബന്ധിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ബഹുമാനപ്പെട്ട നിയമസഭയ്ക്ക് മുൻപാകെ ഈ നടപടി കുറിപ്പ് സമർപ്പിച്ചുകൊള്ളുന്നു. ഇതോടൊപ്പം തന്നെ അനുബന്ധങ്ങളും കോടതിവിധികളുമുണ്ട്.

**റിപ്പോർട്ട് സമർപ്പണം.**

(1) 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും എന്ന IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി III – ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ശ്രീ. വർക്കല കഹാർ: സർ, ജലവിഭവം എന്ന III–ാം സബ്ജക്ട് കമ്മിറ്റി ചെയർമാന്റെ അഭാവത്തിൽ സമിതിയംഗമായ ഞാൻ സമിതിയുടെ 2011–12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി V- ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(5) സബ്ജക്ട് കമ്മിറ്റി VI – ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 2011-12-ലെ സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(6) സബ്ജക്ട് കമ്മിറ്റി VII – ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12 -ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചട്ടം 236/5 പ്രകാരം ഞാൻ സമർപ്പിക്കുന്നു.

(7) സബ്ജക്ട് കമ്മിറ്റി VIII -ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ധനകാര്യം നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിമയസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(8) സബ്ജക്ട് കമ്മിറ്റി IX -ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(9) <u>സബ്ജക്ട് കമ്മിറ്റി X -ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.</u>

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചട്ടം 236/5 പ്രകാരവും ജൈവവൈവിധ്യസംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ, ഡി.എം.സി. എന്നീ പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ട് ചട്ടം 239/3 പ്രകാരവും സമർപ്പിക്കുന്നു.

(10) <u>സബ്ജക്ട് കമ്മിറ്റി XI -ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 01-04-2011 മുതൽ 31-03-2012 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

(11) <u>സബ്ജക്ട് കമ്മിറ്റി XIII -ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സാമൂഹ്യ സേവനം സംബന്ധിച്ച XIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്

റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(12) സബ്ജക്ട് കമ്മിറ്റി XIV -ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചട്ടം 236/5 പ്രകാരം സമർപ്പിക്കുന്നു.

(13) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് (കണ്ണൂർ, കാസർഗോഡ് ജില്ലാശുപത്രികളിലെ പ്രവർത്തനം സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്) സമർപ്പിക്കുന്നു.

(14) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്തും പതിനൊന്നും റിപ്പോർട്ടുകൾ.

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്താമത്തേയും പതിനൊന്നാമത്തേയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(15) സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗകരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗകരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ

ഞാൻ വികലാംഗരുടെ പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

**ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന**

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് 2012 ജൂൺ 12-ാം തീയതി മേശപ്പുറത്തുവച്ച 2012 ഫെബ്രുവരി 14-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 19/2012/കോ-ഓപ്പറേഷൻ (എസ്.ആർ.ഒ. നമ്പർ 137/2012) മുഖേന പുറപ്പെടുവിച്ച 2012-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, 14022012 തീയതിയിലെ ജി.ഒ.(പി) നമ്പർ 19/2012/കോ-ഓപ്പറേഷൻ (എസ്.ആർ.ഒ. നമ്പർ 137/2012)നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള കേരള കോ-ഓപ്പറേറ്റീവ് റൂൾസിലെ റൂൾ 67(4)-ൽ സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്ന ചട്ടഭേദഗതിക്കുമുമ്പ് പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത 15 വർഷത്തെ അഭിഭാഷക പരിചയമായിരുന്നു. ഈ ഭേദഗതിയോടെ അത് 7 വർഷമാക്കി ചുരുക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. 2009-ൽ അന്നത്തെ സർക്കാർ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറാകാനുള്ള യോഗ്യത 15 വർഷമാക്കി നിജപ്പെടുത്തിയതാണ്. ഇത് 7 വർഷത്തെ അഭിഭാഷക പരിചയമെന്നാക്കി ചുരുക്കുന്നത് ആർബിട്രേഷൻ കോടതിയുടെ ഫലപ്രദമായ പ്രവർത്തനത്തെ ബാധിക്കും. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം കോ-ഓപ്പറേറ്റീവ് റൂൾസിൽ നിരവധി ഭേദഗതികൾ വരുത്തിക്കൊണ്ട് സഹകരണ മേഖലയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെ അധികാരികളുടെ നിയമനങ്ങളിലെ യോഗ്യതയിൽ ഇളവു വരുത്തിയിട്ടുണ്ട്. അതിലൊന്നാണ് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് ചെയർമാന്റെ നിയമനം. ഞാൻ ഇതുസംബന്ധിച്ച് മുമ്പ് ഒരു ഭേദഗതി കൊണ്ടുവന്നെങ്കിലും അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ

അഴീക്കോട്, തിരുവനന്തപുരം ആർബിട്രേഷൻ കോടതികളിൽ 2 പ്രിസൈഡിംഗ് ഓഫീസർമാരുടെ ഒഴിവ് വരികയാണ്. സ്വാഭാവികമായും ഈ രീതിയിലുള്ള റിലാക്സേഷൻ കൊടുക്കുന്നത് തെറ്റായ രീതിയിലുള്ള വ്യാഖ്യാനത്തിന് കാരണമാകും. അതുകൊണ്ട് നിലവിലുള്ള ചട്ടം അതേ രൂപത്തിൽ തന്നെ നിലനിർത്തണമെന്നുള്ളതാണ് എന്റെ ദേഭഗതി. Delete Rule 2(1)(i) proposing substitution in Rule 67(4) of the parent rule.

(67(4) parent rule അങ്ങനെതന്നെ നിലനിർത്തുക. ഇപ്പോൾ ഗവൺമെന്റ് പ്രൊപ്പോസ് ചെയ്തിട്ടുള്ള Rule 2(1)(i) ഡിലീറ്റ് ചെയ്യണം.)

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 1969-ലെ കേരള സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തി ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യതാ കാലാവധി നിശ്ചയിച്ചുകൊണ്ട് വ്യവസ്ഥ ചെയ്തു. ആയതുപ്രകാരം പ്രിസൈഡിംഗ് ഓഫീസർക്ക് 10 വർഷത്തെ ബാർ എക്സ്പീരിയൻസ് ഉണ്ടായിരിക്കേണ്ടതും നിയമനം 5 വർഷത്തേയ്ക്ക് ആയിരിക്കുന്നതുമാണ്. 2009-ൽ മുൻ സർക്കാർ ചട്ടം ഭേദഗതി ചെയ്ത് പ്രസ്തുത കാലയളവ് 3 വർഷമായി കുറച്ചു. എന്നാൽ 31-12-2010-ലെ ചട്ടത്തിൽ വീണ്ടും ഭേദഗതി വരുത്തി. പ്രിസൈഡിംഗ് ഓഫീസർക്ക് സർക്കാർ ജീവനക്കാർക്ക് ബാധകമായ റിട്ടയർമെന്റ് കാലയളവുവരെ തുടരാമെന്നാക്കി. 2000-ലെ വ്യവസ്ഥയിലെ അന്തഃസത്തയ്ക്ക് വിരുദ്ധമായി സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തി ഒരു നിശ്ചിത കാലയളവിലേയ്ക്ക് നിയമിക്കപ്പെട്ട ഒരു അഡ്വക്കേറ്റിനെ സർക്കാർ ജീവനക്കാർക്ക് ബാധകമായ റിട്ടയർമെന്റ് പ്രായം വരെ പ്രിസൈഡിംഗ് ഓഫീസറായി തുടരാൻ അനുവദിക്കുന്ന നടപടി ഉചിതമല്ലെന്ന് മനസ്സിലാക്കി നിയമാനുസൃതമായ നടപടിക്രമം പാലിച്ച് ഈ സർക്കാർ 14-02-2012--ലെ എ

സ്.ആർ.ഒ. നമ്പർ 137/2012-ലെ വിജ്ഞാപനപ്രകാരം ബാർ എക്സ്പീരിയൻസ് 7 വർഷമായി നിജപ്പെടുത്തുകയും സേവനകാലം 2009-ൽ നിലവിലുണ്ടായിരുന്ന 3 വർഷമായി പുനഃസ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്. തികച്ചും നീതിയുക്തവും സദുദ്ദേശപരവുമായ തീരുമാനമാണിത്. മേൽ സാഹചര്യത്തിൽ ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത, സേവനകാലം എന്നിവ ഭേദഗതി ചെയ്തുകൊണ്ട് 14-02-2012-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥ നീക്കം ചെയ്യണമെന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലന്റെ നിർദ്ദേശം സർക്കാരിന് അംഗീകരിക്കാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 15 വർഷമെന്നത് 7 വർഷമാക്കുന്നത് ഗുണമല്ല. അത് സാധാരണ നിലയിൽ അംഗീകരിക്കാനും പറ്റില്ല. അതുകൊണ്ട് ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അങ്ങ് അങ്ങയുടെ പോയിന്റ് പറഞ്ഞു. അപൂർവമായിട്ടാണ് ചട്ടങ്ങളുടെ ഭേദഗതി സഭയിൽ വരുന്നത്. നേരത്തെ 2003-ൽ വന്നിരുന്നു. ശ്രീ. എ. കെ. ബാലനും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ചട്ടങ്ങളുടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അങ്ങ് അങ്ങയുടെ നിലപാട് പറഞ്ഞു. ഗവൺമെന്റ് ഗവൺമെന്റിന്റെ നിലപാട് സ്വീകരിച്ചു. അങ്ങ് അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീമതി ഇ. എസ്. ബിജിമോൾ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. ചിറ്റയം ഗോപകുമാർ
13. ശ്രീ. എം. ഹംസ
14. ശ്രീമതി ജമീലാ പ്രകാശം
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജി. എസ്. ജയലാൽ
17. ശ്രീ. ജോസ് തെറ്റയിൽ
18. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
19. ശ്രീ. കോവൂർ കുഞ്ഞുമോൻ
20. ശ്രീമതി കെ. കെ. ലതിക
21. ശ്രീ. മാത്യു റ്റി. തോമസ്
22. ശ്രീ. സി. കെ. നാണു
23. ശ്രീ. കെ. കെ. നാരായണൻ
24. ശ്രീ. പുരുഷൻ കടലുണ്ടി
25. ശ്രീ. പി. റ്റി. എ. റഹീം
26. ശ്രീ. ആർ. രാജേഷ്
27. ശ്രീ. കെ. രാജു
28. ശ്രീ. രാജു എബ്രഹാം
29. ശ്രീ. മുല്ലക്കര രത്നാകരൻ
30. ശ്രീ. സാജു പോൾ
31. ശ്രീമതി കെ. എസ്. സലീഖ
32. ശ്രീ. വി. ശശി
33. ശ്രീ. എ. കെ. ശശീന്ദ്രൻ
34. ശ്രീ. വി. ശിവൻകുട്ടി
35. ശ്രീ. ബി. സത്യൻ
36. ശ്രീ. വി. എസ്. സുനിൽകുമാർ
37. ശ്രീ. തോമസ് ചാണ്ടി

38. ഡോ. ടി. എം. തോമസ് ഐസക്
39. ശ്രീ. പി. തിലോത്തമൻ
40. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. റ്റി എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. വർക്കല കഹാർ
26. ശ്രീ. കെ. എൻ. എ. ഖാദർ
27. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. പി. എ. മാധവൻ
30. ശ്രീ. സി. മമ്മൂട്ടി
31. ശ്രീ. കെ. എം. മാണി
32. ശ്രീ. കെ. പി. മോഹനൻ
33. ശ്രീ. സി. മോയിൻകുട്ടി

34. ശ്രീ. മോൻസ് ജോസഫ്
35. ശ്രീ. സി. പി. മുഹമ്മദ്
36. ശ്രീ. ആര്യാടൻ മുഹമ്മദ്
37. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
38. ഡോ. എം. കെ. മുനീർ
39. ശ്രീ. കെ. മുരളീധരൻ
40. ശ്രീ. ഉമ്മൻ ചാണ്ടി
41. ശ്രീ. അടൂർ പ്രകാശ്
42. ശ്രീ. റ്റി. എൻ. പ്രതാപൻ
43. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
44. ശ്രീ. രമേശ് ചെന്നിത്തല
45. ശ്രീ. പാലോട് രവി
46. ശ്രീ. റോഷി അഗസ്റ്റിൻ
47. ശ്രീ. വി. പി. സജീന്ദ്രൻ
48. ശ്രീ. എൻ. ശക്തൻ
49. ശ്രീ. വി. ഡി സതീശൻ
50. ശ്രീ. ഷാഫി പറമ്പിൽ
51. ശ്രീ. കെ. എം. ഷാജി
52. ശ്രീ. എൻ. ഷംസുദീൻ
53. ശ്രീ. ഷിബു ബേബി ജോൺ
54. ശ്രീ. കെ. ശിവദാസൻ നായർ
55. ശ്രീ. വി. എസ്. ശിവകുമാർ
56. ശ്രീ. സണ്ണി ജോസഫ്
57. ശ്രീ. സി. എഫ്. തോമസ്
58. ശ്രീ. പി. ഉബൈദുള്ള
59. ശ്രീ. എം. ഉമ്മർ
60. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
61. ശ്രീ. എം. എ. വാഹീദ്
62. ശ്രീ. എം. പി. വിൻസെന്റ്
63. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 40

പ്രതികൂലിക്കുന്നവർ - 63

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു